# മൈൻഡ് മാസ്റ്റർ

## വിശ്വനാഥൻ ആനന്ദ്

ഒരു സാധാരണക്കാരനിൽനിന്നും ചെസ്സ് ലോകത്തിലെ പടവുകൾ ഓരോന്നായി കീഴടക്കി വിജയം നേടിയ വിശ്വനാഥൻ ആനന്ദിന്റെ ജീവിതം ഓരോ വായനക്കാരനും പുതിയ ഉൾക്കാഴ്ചകൾ നൽകുന്നു. ജീവിതത്തിലെ ദുർഘടവും സങ്കീർണതകളും നിറഞ്ഞ ഘട്ടങ്ങൾ ചതുരംഗക്കളത്തിനു തുല്യമായതിനാൽ ബുദ്ധിപരവും സൂക്ഷ്മവുമായ കരുനീക്കങ്ങൾ രണ്ടിലും ഒരുപോലെ അനിവാര്യമാണെന്ന് ഈ കൃതി വായനക്കാരനെ ബോധ്യപ്പെടുത്തുന്നു. ആദ്യാവസാനം ആവേശം നിറഞ്ഞ തന്റെ ഐതിഹാസികമായ പോരാട്ടങ്ങൾ വിശ്വനാഥൻ ആനന്ദ് സ്വന്തം വാക്കുകളിലൂടെ വിവരിക്കുമ്പോൾ ചെസ്സ് എന്ന വിസ്മയലോകത്തിലേക്ക് വായനക്കാരും കടന്നെത്തുന്നു. ലോകചാമ്പ്യന്റെ വിജയപാഠങ്ങൾ ഏതൊരു വായനക്കാരനും മുതൽക്കൂട്ടാകുമെന്നുറപ്പ്.

**ഭാരതത്തിൽനിന്നുള്ള ആദ്യ ലോക ചെസ്സ് ചാമ്പ്യൻ വിശ്വനാഥൻ ആനന്ദിന്റെ ആത്മകഥാപരമായ ഓർമ്മകൾ**

**വിവർത്തനം : എൻ. ആർ. അനിൽകുമാർ**

Photograph © Lennart Ootes
കവർ ഡിസൈൻ: ഡി സി ഡിസൈൻ സ്റ്റുഡിയോ

ഡി സി ബുക്സ്
www.dcbooks.com
ഓർമ്മ

ISBN 978-93-5432-503-8
00002
9 789354 325038
E-book available

₹ 350

വിശ്വനാഥൻ ആനന്ദ് • മൈൻഡ് മാസ്റ്റർ

DCB

# MIND MASTER

# മൈൻഡ് മാസ്റ്റർ

ലോക ചെസ്സ്ചാമ്പ്യന്റെ
വിജയപാഠങ്ങളും അനുഭവങ്ങളും

2-ാം പതിപ്പ്

927.941 ANA/M
CASMIVK
*1723*



**വിശ്വനാഥൻ ആനന്ദ്**

DCB

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

Library TVK

927.941 ANA/M
CASMTVK
*1723*

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

1723

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1723 Call No.........................

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

## വിശ്വനാഥൻ ആനന്ദ്

1969 ഡിസംബർ 11-ന് കൃഷ്ണമൂർത്തി വിശ്വനാഥന്റെയും സുശീലയുടെയും മകനായി ചെന്നൈയിൽ ജനനം. വിശ്വനാഥൻ ആനന്ദ്, സമകാലിക ചെസ്സിലെ ഏറ്റവും വിഖ്യാത നാമങ്ങളിൽ ഒന്ന്. മൂന്ന് ദശാബ്ദങ്ങൾക്ക് മുൻപ് ഗ്രാൻഡ് മാസ്റ്റർ പദവി കരസ്ഥമാക്കിയ ശേഷം 5 ലോക ചെസ്സ് ചാമ്പ്യൻഷിപ്പുകളും എണ്ണമറ്റ സമുന്നത ടൂർണമെന്റുകളും വിജയിച്ച് കാലത്തിന്റെ പ്രതിബന്ധങ്ങളെ തട്ടിമാറ്റി ഇന്നും ലോകചെസ്സിന്റെ മുൻനിരയിൽ അദ്ദേഹം നിലകൊള്ളുന്നു. അദ്ദേഹത്തിന്റെ വലിയ നേട്ടങ്ങൾ ഇന്ത്യൻ ചെസ്സിലെ പുത്തൻ തലമുറയ്ക്ക് വൻ പ്രചോദനമേകി. വലിയൊരു ജ്യോതിശ്ശാസ്ത്രപ്രേമിയായ അദ്ദേഹം ഗണിത ശാസ്ത്രം, സാമ്പത്തികശാസ്ത്രം, സമകാലിക രാഷ്ട്രീയ സാമൂഹികവിഷയങ്ങൾ എന്നിവയുടെ ഉത്സുകനായ വായനക്കാരൻകൂടിയാണ്. യാത്രകളെ ഇഷ്ടപ്പെടുന്ന അദ്ദേഹത്തിനേറ്റവും പ്രിയങ്കരം വന്യജീവിസങ്കേതങ്ങളിലെ സഫാരികളാണ്. നിരവധി ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് അദ്ദേഹം പിന്തുണ നൽകിവരുന്നു–പ്രത്യേകിച്ചും മസ്തിഷ്കപക്ഷാഘാതവും നാഡീസംബന്ധബലഹീനതകളുമുള്ള കുട്ടികളെ സഹായിക്കുന്ന കാര്യത്തിൽ. ഭാര്യ: അരുണ. മകൻ: ആനന്ദ് അഖിൽ.

### ചെസ്സ് ഒളിമ്പ്യൻ പ്രൊഫ. എൻ.ആർ. അനിൽകുമാർ

ദേശീയ 'എ' ചെസ്സ് ചാമ്പ്യൻഷിപ്പിലേക്കും ഇന്ത്യൻ ചെസ്സ് ടീമിലേക്കും ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട കേരളീയൻ.വിശ്വനാഥൻ ആനന്ദ്, ദേശീയ ചാമ്പ്യന്മാരായിരുന്ന പ്രവീൺ തിപ്സേ, മാനുവൽ ആറോൺ, ടി.എൻ. പരമേശ്വരൻ, നസീർ അലി എന്നിവരെ പരാജയപ്പെടുത്തുകയും ലോകജൂനിയർ ചാമ്പ്യനായിരുന്ന സിമൺ അഡ്ജസ്റ്റീനിനെതിരേ സമനില നേടുകയും ചെയ്തിട്ടുണ്ട്. ലോക കറസ്പോണ്ടൻസ് ചെസ്സ് ഫെഡറേഷന്റെ ഇന്റർനാഷണൽ മാസ്റ്റർ പദവിക്കർഹനായ പ്രഥമ ഭാരതീയൻ. ലോക ചെസ്സ് ഫെഡറേഷൻ (FIDE) ചെസ്സ് പരിശീലകർക്ക് സമ്മാനിക്കുന്ന രണ്ടാമത്തെ പരമോന്നത ബഹുമതിയായ ഫിഡെ ട്രെയ്നർ പദവി നേടിയ ഏക മലയാളി. ദേശീയ 'ബി' ചെസ്സ് ചാമ്പ്യൻ പദവി നേടിയ ഏക കേരളീയൻ. 2013-ൽ തൃശൂർ ശ്രീകേരളവർമ്മ കോളജിൽനിന്നും ഇംഗ്ലിഷ് വിഭാഗം മേധാവിയായി വിരമിച്ചു. ഇപ്പോൾ തൃശൂരിൽ ചെസ്സ് ഒളിമ്പ്യൻസ് അക്കാദമിയിൽ ചെസ്സിൽ ശാസ്ത്രീയപരിശീലനം നൽകിവരുന്നു.

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച
ആത്മകഥ പുസ്തകങ്ങൾ പരിചയപ്പെടാൻ
ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

വിശ്വനാഥൻ ആനന്ദ്

# മൈൻഡ് മാസ്റ്റർ

വിവർത്തനം
പ്രൊഫ. എൻ.ആർ. അനിൽകുമാർ

ഡി സി ബുക്സ്

# ഉള്ളടക്കം

ബോൺ, 2008 .................... 11

പടവുകളുപേക്ഷിച്ചു .................... 15
*ഹൃദയദാർഢ്യവും വിജയസൂക്തവും*

പതിച്ചുവച്ച കുറിപ്പുകൾ .................... 29
*മദ്രാസ്, മനില, മാഡ്രിഡ്, അവയ്ക്കിടയിൽ വരുന്നതും*

ഓർമിച്ചെടുക്കലിന്റെ കല .................... 47

*കണ്ണികൾ, ഛേദങ്ങൾ, ഭാഗ്യാതിരേകങ്ങൾ*

ചിലതു ജയിക്കുക, ചിലതു തോൽക്കുക .................... 65
*വികാരങ്ങളും വസ്തുനിഷ്ഠതയുടെ കർമ്മശേഷിയും*

സൈന്യസമാഹരണം .................... 83
*സന്നാഹങ്ങൾ എങ്ങനെ നിർണ്ണായകമാകുന്നു, തന്ത്രങ്ങൾ എങ്ങനെ പ്രവർത്തനക്ഷമമാകുന്നു*

ന്യൂയോർക്ക് ന്യൂയോർക്ക് .................... 103
*ഒരു ജേതാവിന്റെ നിർമ്മിതി*

സിദ്ധിയും സ്ഥൈര്യവും .................... 123
*കഴിവിനെ കഠിനാദ്ധ്വാനം ചെയ്തിരിക്കേണ്ടതെങ്ങനെ?*

മനസ്സിന്റെയും യന്ത്രങ്ങളുടെയും ഖനനം .................... 137
*തീരുമാനങ്ങളും വസ്തുതകളും അരങ്ങിലെ പുതിയ ഭീമനും*

വീണ്ടും ബോൺ .................... 163
*സാഹസികതയുടെ സൗന്ദര്യം*

പ്രതികൂലത എന്ന ആനുകൂല്യം........................................ 181
*അഗ്നിപർവ്വതത്തിലെ ചാരമേഘങ്ങൾ, ഒരു റോഡ് യാത്രയും വിജയകിരീടവും*

രണ്ട് നഗരങ്ങൾ, ഒരു രാഷ്ട്രം.............................................. 209
*പരിശീലിത പരിജ്ഞാനത്തോടുള്ള പോരാട്ടം*

അതിജീവനം.................................................................... 239
*ഇന്നത്തെ വിജയങ്ങളും നാളെയുടെ ചക്രവാളങ്ങളും*

കൃതജ്ഞത......................................................................... 261

# ബോൺ, 2008

എന്റെ ഹൃദയമിടിപ്പ് ഉയരുന്നു. എന്റെ കൈനഖങ്ങൾ എന്നെ പരിഹസിക്കുന്നു; അടുത്ത മണിക്കൂറുകളെ അവ അതിജീവിക്കുമോ എന്നുറപ്പില്ല. അവ സംഹരിക്കപ്പെട്ടേക്കാം. നായകകഥാപാത്രങ്ങളെ മാറ്റിമറിക്കുവാനുള്ള ശേഷി ലോകചാമ്പ്യൻഷിപ്പുകൾക്കുണ്ട്. മത്സരശേഷം നമ്മൾ മറ്റൊരാളായി മാറുന്നു.

ഗെയിമിനു പുറപ്പെടുന്നതിനായി ആകാംക്ഷാപൂർവ്വം നിശ്ശബ്ദരായി ഞങ്ങൾ കാത്തുനിൽക്കവേ എന്റെ ഭാര്യ അരുണ അനുകമ്പാപൂർവ്വം പുഞ്ചിരിക്കുന്നു. ഇത് നർമ്മഭാഷണത്തിന് പറ്റിയ സമയമേ അല്ല. എന്റെ മനസ്സ് ഒരു മൂളിപ്പാട്ടിനായി പരതുന്നു. പക്ഷേ, എന്നിലൂടെ കടന്നുപോകുന്ന അസ്വസ്ഥതയുടെ തരംഗം ആ അലസചിന്തയെ തള്ളിക്കളയുന്നു.

എന്റെ കൈക്കുമേൽ അരുണയുടെ കരസ്പർശം ഞാനറിയുന്നു. ഉത്തരധ്രുവപ്രദേശത്തെ അതിശൈത്യം ഈ സ്പർശംപോലെയാകാം. പോകാൻ സമയമായെന്ന് ആംഗ്യഭാഷയിലൂടെ അരുണ അറിയിച്ചു. അവൾക്ക് ഞാനൊരു അർദ്ധചുംബനം സമ്മാനിച്ചപ്പോൾ തന്റെ സ്വതസ്സിദ്ധമായ രീതിയിൽ അവൾ പ്രതികരിച്ചു, "ഓൾ ദി ബെസ്റ്റ്, മാ."

മുഖ്യപാതയിലേക്ക് കാർ ഇരമ്പിക്കയറിയതോടെ ചിന്നിച്ചിതറിയ വെടിയുണ്ടപോലെ യാഥാർത്ഥ്യം എന്നിൽ ആഞ്ഞുപതിക്കുന്നു. ഇനിയൊരു തിരിച്ചുപോക്കില്ല. മേഘാവൃതമായി കാണപ്പെടുന്ന പരിശീലനത്തയ്യാറെടുപ്പുകളെ എന്റെ മനസ്സിനുള്ളിൽ ചിട്ടപ്പെടുത്തുവാൻ എന്റെ മസ്തിഷ്കം പാടുപെടുന്നു. വലതുവശത്തിരുന്ന് എന്നെ നിരീക്ഷിക്കുന്ന അരുണ എന്റെ വിറയ്ക്കുന്ന കരങ്ങളെ മുറുക്കിപ്പിടിക്കുന്നു.

"റാഡെക്കിനോട് എനിക്ക് സംസാരിക്കണം," എന്റെ ശബ്ദം ഞാൻ തന്നെ കേൾക്കുന്നു. "എനിക്ക് യാതൊന്നും ഓർമ്മിക്കാൻ സാധിക്കുന്നില്ല." റാഡോസ്ലോ വോയ്റ്റാസെക്ക് എന്ന റാഡെക്ക് എന്റെ നാല് പരിശീലകരിൽ ഒരാളാണ്. 21 കാരനായ അയാൾ ഞങ്ങളുടെ ടീമിലെ ഏറ്റവും പ്രായം കുറഞ്ഞ അംഗമാണ്.

രണ്ട് തടിച്ച മൊബൈൽ ഫോണുകളുമായി മല്ലിടുന്ന അരുണ അതിലൊരെണ്ണമെടുത്ത് അതിവേഗം ഡയൽ ചെയ്യാൻ തുടങ്ങുന്നു. മറുവശത്തെ ശബ്ദത്തിന് ജീവൻ വെക്കുവാനായി ഞങ്ങൾ നിശ്ശബ്ദരായി കാത്തിരിക്കുന്നു. ഫോണിന്റെ മണിയടിശബ്ദം താനേ നിലയ്ക്കുന്നു. ഞങ്ങൾ